കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 18, ബുധൻ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 1985 സെപ്റ്റംബർ 18—ാം തീയതി ബുധനാഴ്ച രാവിലെ 8.30—ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

i വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

* 163 [209] ശ്രീ. പി.പി. തങ്കച്ചൻ:

" തെന്നല ജി. ബാലകൃഷ്ണപിള്ള:

" കെ.എസ്. നാരായണൻ നമ്പൂതിരി:

" കെ. രാഘവൻ മാസ്റ്റർ

" എ.സി. ജോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി; അവ എവിടെയെല്ലാം;

(ബി) ഇത്തരം സ്കൂളുകളിൽ പഠിപ്പിക്കുന്ന ട്രെയിഡുകൾ എന്തെല്ലാം;

(സി) ഇവ പുതുതായി തുടങ്ങുന്നതു സംബന്ധിച്ച് ആലോചനയുണ്ടോ?

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) സംസ്ഥാനത്തൊട്ടാകെ 71 സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ ലിസ്റ്റ് ഒന്നിൽ ചേർത്തിട്ടുണ്ട്). †

(ബി) വിവിധ സ്കൂളുകളിലായി 24-ഓളം ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. (വിശദാംശങ്ങൾ ലിസ്റ്റ് ഒന്നിൽ ചേർത്തിട്ടുണ്ട്). †

(സി) ഉണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ: പുതുതായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ആലോചനയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. എറണാകുളം ജില്ലയാണ് നമ്മുടെ സംസ്ഥാനത്തെ വ്യവസായ കേന്ദ്രം. അത് പ്രത്യേകം പരിഗണിച്ചുകൊണ്ട്, പുതുതായി ഈ സ്കൂളുകൾ തുടങ്ങുമ്പോൾ എറണാകുളം ജില്ലയ്ക്കു മുൻഗണന കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: എറണാകുളം വ്യവസായമേഖലയുമായി ബന്ധപ്പെട്ട ചില പ്രത്യേക കോഴ്സുകൾ എറണാകുളം ജില്ലയിൽ തുടങ്ങണമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. പി.പി. തങ്കച്ചൻ: ഞാൻ മനസ്സിലാക്കിയിടത്തോളം ഏഴാം പദ്ധതിയിൽ സാങ്കേതിക വിദ്യാഭ്യാസത്തിനാണ് കേന്ദ്ര ഗവൺമെന്റ് ഏറ്റവും കൂടുതൽ മുൻഗണന കൊടുത്തിട്ടുള്ളത്. അതുകൊണ്ട് നമ്മുടെ സംസ്ഥാന ഗവൺമെന്റും ആ രീതിയിൽത്തന്നെ, ഏഴാം പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് കൂടുതൽ മുൻഗണന കൊടുക്കുകയും (സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി.ഐ. ആയാലും പോളിടെക്നിക്ക് ആയാലും പുതിയ വൊക്കേഷണൽ ട്രെയിനിംഗിനുള്ള സൗകര്യമായാലും എല്ലാംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട്) കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആ രംഗത്ത് സ്ഥാപിക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഏഴാം പദ്ധതിക്കാലത്ത് നമ്മുടെ സംസ്ഥാനത്തും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ടെക്നിക്കൽ സ്ഥാപനങ്ങൾക്ക്) കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം മുതൽ തന്നെ സ്കൂളുകളിൽ പ്രീ-വൊക്കേഷണൽ കോഴ്സ് എന്നുള്ള നിലയിൽ 9-10 ക്ലാസുകളിൽ പുതിയൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേകമായ ചില ട്രേഡുകളിൽ കുട്ടികൾക്ക് ഈ രണ്ടു വർഷക്കാലവും പരിശീലനം കൊടുക്കുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടാണ് ഇത് ആരംഭിച്ചിട്ടുള്ളത്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: ഇക്കൊല്ലം എത്ര സ്കൂളുകളിലാണ് കൂടുതലായി തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: 50 സ്കൂളുകളിൽ കൂടി ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: കാലം ഇല്ലെങ്കിലും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന താലൂക്കുകൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ലിസ്റ്റ് നോക്കിയാൽ അറിയാം എല്ലാ പ്രദേശങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ഈ കോഴ്സുകൾ ആരംഭിക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾ മാത്രമായി കണക്കിലെടുക്കാൻ കഴിയുകയില്ല. സ്കൂളുകളിലാണെങ്കിൽ ആരംഭിക്കുന്നത് അഗ്രിക്കൾച്ചറൽ കോഴ്സ്, അല്ലെങ്കിൽ അനിമൽ ഹസ്ബന്ററി, പൗൾട്രി തുടങ്ങിയ കോഴ്സുകളാണ്. സ്വാഭാവികമായി ഇത് ആരംഭിക്കുമ്പോൾ ഇതിനടുത്തുതന്നെ ഇതിനുള്ള പരിശീലനം കിട്ടാൻ ആവശ്യമായിട്ടുള്ള സ്ഥാപനങ്ങൾ ഉണ്ടായിരിക്കണം. അഗ്രിക്കൾച്ചറൽ കോഴ്സ് ആണെങ്കിൽ ഡിസ്ട്രിക്ട് അഗ്രിക്കൾച്ചറൽ ഫാമോ അല്ലെങ്കിൽ അഗ്രിക്കൾച്ചറുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സൗകര്യങ്ങളോ അവിടെ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട്, പിന്നോക്കാവസ്ഥ മാത്രം പരിഗണിച്ച് ഇങ്ങനെയുള്ള സ്ഥാപനങ്ങൾ തുടങ്ങാൻ സാധിക്കുകയില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കഴിഞ്ഞവർഷം വുഡ് ടെക്നോളജി, ഇലക്ട്രോണിക്സ് ടെക്നോളജി തുടങ്ങിയവയിൽ പ്രത്യേക കോഴ്സ് തുടങ്ങുന്നതിനെക്കുറിച്ചാലോചിക്കാൻ കണ്ണൂർ ജില്ലയിൽ എം.എൽ.എ. മാരുടെ ഒരു കോൺഫറൻസ് വിളിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: വുഡ് ടെക്നോളജിയിൽ ചില കോഴ്സുകൾ ചില സ്ഥാപനങ്ങളിൽ ഇതിനോടകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലും ആധുനികമായിട്ടുള്ള നടപടി കൂടുതൽ തൊഴിൽസാദ്ധ്യതയുള്ള കോഴ്സുകൾ ആരംഭിക്കാനാണ് നടപടി സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: മറ്റ് വ്യവസായങ്ങൾ തുടങ്ങാൻ ട്രാൻസ്പോർട്ട് സൗകര്യമില്ലാത്തതുകാരണം ബുദ്ധിമുട്ടുള്ള വയനാട് പോലുള്ള പ്രദേശങ്ങളിൽ ഇലക്ട്രോണിക്സ് ടെക്നോളജി ഉൾക്കൊള്ളുന്ന കോഴ്സുകൾ ഉള്ള എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: വിദ്യാഭ്യാസ വകുപ്പിന് ചെയ്യാൻ കഴിയുന്നത്, ഇലക്ട്രോണിക്സിനു പ്രാധാന്യം കൊടുത്തുകൊണ്ട് ചെയ്യുക എന്നുള്ളതാണ്. കെൽട്രോണിൽ പ്രധാനമായി വരുന്ന പലതും ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടതാണ്. ഈ വർഷത്തിൽ തന്നെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇലക്ട്രോണിക്സ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ പോളിടെക്നിക്കുകളിൽ ആരംഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ചിട്ടുള്ള ടെക്നിക്കൽ സ്കൂളുകളിലും, പല സ്ഥലങ്ങളിലും ഇലക്ട്രോണിക്സിനാണ് കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: ഇക്കൊല്ലം പുതുതായി കുറേ സാങ്കേതിക വിദ്യാലയങ്ങളും തുടങ്ങുന്നതിനു ഗവൺമെന്റു നടപടികളും പൂർത്തിയാക്കുകയും പെട്ടെന്നു നിറുത്തിവയ്ക്കുകയും ചെയ്ത സാഹചര്യമുണ്ടായതായി പറഞ്ഞുകേൾക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളും എവിടെയൊക്കെയാണു തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്, നിറുത്തിവയ്ക്കാനുണ്ടായ സാഹചര്യമെന്താണ്?

ശ്രീ. ടി.എം. ജേക്കബ്: ഈ വർഷം പത്തു ടെക്നിക്കൽ സ്കൂളുകളും തുടങ്ങാനുള്ള തീരുമാനമെടുത്തു. ആ ടെക്നിക്കൽ സ്കൂളുകളെല്ലാം ഇതിനകം പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. ദിനകരൻ: ഈ കോഴ്സുകളിലേക്കു പ്രവേശനം നൽകുന്നതു മെരിറ്റ് അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്നും സംവരണതത്വം പാലിക്കേണ്ടതില്ലെന്നും അഖിലേന്ത്യാ റേഡിയോയിൽകൂടി വൊക്കേഷണൽ ഹയർ സെക്കൻററി എഡ്യൂക്കേഷൻ ഡയറക്ടർ പ്രഭാഷണം ചെയ്തതു കേൾക്കുകയുണ്ടായി. ഈ മാറിയ പരിത സ്ഥിതിയിൽ ഈ ഗവൺമെൻറിന്റെ വിദ്യാഭ്യാസപരമായ നയത്തിന്റെ ഭാഗമായിട്ടാണോ ഡയറക്ടർ ആ രീതിയിൽ ഒരു പ്രഭാഷണം നടത്തിയതെന്നു വ്യക്തമാക്കാമോ?

ശ്രീ. ടി.എം. ജേക്കബ്: വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിനു പ്രീ-ഡിഗ്രി തലത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളും കുട്ടികൾക്കു ലഭ്യമാകുന്നുണ്ടോ ആ ആനുകൂല്യങ്ങളെല്ലാം (ഫീസ് കൺസഷന്റെ കാര്യത്തിലും അതുപോലെതന്നെ റിസർവേഷന്റെ കാര്യത്തിലുമെല്ലാം എന്തെല്ലാം ആനുകൂല്യങ്ങളും പ്രീ-ഡിഗ്രി വിദ്യാർത്ഥികൾക്കു ലഭ്യമാകുന്നുണ്ടോ ആ ആനുകൂല്യങ്ങളെല്ലാം) ഈ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: പത്തു സ്ഥലങ്ങളിൽ പത്തു ജൂനിയർ ടെക്നിക്കൽ സ്കൂളുകളും ഇക്കൊല്ലം പുതുതായി തുടങ്ങുന്നുണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചു. ആ സ്ഥലങ്ങളും കാണുമ്പോൾ, എറണാകുളം ജില്ലയ്ക്കു വടക്കോട്ടു കേരളം ഇല്ലെന്നുള്ള നിലയിലാണോ കാണുന്നത് എന്നു തോന്നിപ്പോകും. എന്താണ്, ആ തരത്തിലുള്ള വിവേചനാപരമായ ഒരു നയം ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്? ആ വിവേചനപരമായ നയം മാറ്റി മഞ്ചേശ്വരം വരെ കേരളം ഉണ്ടെന്നുള്ള അടിസ്ഥാനത്തിൽ ജൂനിയർ ടെക്നിക്കൽ സ്കൂളുകളും തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: 1983-84 കാലയളവിൽ ആരംഭിച്ച ഏഴു ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ മൂന്നെണ്ണവും മലബാർ പ്രദേശത്താണ്. ഈ വർഷം ആരംഭിക്കുന്ന സ്കൂളുകളിൽ രണ്ടെണ്ണം മലബാർ പ്രദേശത്താണ് ആരംഭിച്ചിട്ടുള്ളത്. ആകെ ഇന്നു സംസ്ഥാനത്തു നിലവിലുള്ള ജൂനിയർ ടെക്നിക്കൽ സ്കൂളുകളും പരിശോധിച്ചാൽ കാസർകോഡ് ഡിസ്ട്രിക്ടു മുതൽ തിരുവനന്തപുരം ഡിസ്ട്രിക്ടു വരെ എല്ലാ പ്രദേശങ്ങൾക്കും തുല്യമായ പ്രാതിനിധ്യത്തോടുകൂടിത്തന്നെയാണ് സ്കൂളുകളും ആരംഭിച്ചിട്ടുള്ളതെന്നു കാണാൻ കഴിയും.

ശ്രീ. ഇ.കെ. നായനാർ: 15 പോളിടെക്നിക്കുകളും പ്രൈവറ്റ് മേഖലയിൽ തുടങ്ങുമെന്നുള്ള ഒരു വാർത്ത ഉണ്ടായിരുന്നു. അത്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരീകരിച്ചിട്ടുണ്ടോ, ഇല്ലയോയെന്ന് അറിയുകയില്ല. ആരും നിഷേധിച്ചുകണ്ടില്ല. ഇപ്പോഴും പത്ത് ജൂനിയർ ടെക്നിക്കൽ സ്കൂളുകളും തുടങ്ങാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയാതെ പഞ്ചവൽസരപദ്ധതിയിൽ 10 കോടി രൂപ നീക്കിവച്ചത്, അറിയാതെ തട്ടിയെടുത്തുവെന്ന് വരത്തക്കവിധത്തിൽ നിങ്ങൾക്ക് പിൻതുണ നൽകുന്ന ഒരു പ്രമുഖ പത്രത്തിൽ റിപ്പോർട്ട് വന്നിട്ടുണ്ട്. മുഖ്യമന്ത്രി ഒപ്പ് വച്ചിട്ടില്ല. എന്തായാലും സാമ്പത്തികമായി ശ്രീ. മാണി അങ്ങേയറ്റം ദുരിതത്തിൽ കിടക്കുമ്പോൾ അറിയാതെകണ്ട് ഈ പണം തട്ടിയെടുക്കുന്ന ആ സമ്പ്രദായം (റിപ്പോർട്ട് ശരിയാണെങ്കിൽ) ന്യായമാണോ? മറൊന്ന് ടെക്നിക്കൽ സ്കൂളുകൾ വടക്കോട്ട് കൊടുത്തിട്ടില്ല. ഇപ്പോൾ കൊടുത്തിരിക്കുന്ന പത്തിലും ഇല്ല. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാര്യങ്ങൾ അറിയാവുന്ന ആളാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ ആരംഭിക്കുക എന്ന ഹെഡ്ഡിൽ തന്നെ പ്രത്യേകമായി അതിനായി പണം നീക്കിവച്ചിട്ടുണ്ട്. ജൂനിയർ ടെക്നിക്കൽ സ്കൂളുകൾ ആരംഭിക്കുവാനുള്ള തീരുമാനം ഈ ഗവൺമെന്റ് വർഷാരംഭത്തിൽത്തന്നെ എടുത്തിരുന്നു. അങ്ങനെ പത്ത് ജൂനിയർ ടെക്നിക്കൽ സ്കൂളുകൾക്ക് അനുവാദം കൊടുത്തു. ആ സ്കൂളുകളെല്ലാം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പിന്നെ പത്രത്തിൽ വന്ന വാർത്തയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, നമ്മുടെ പത്രങ്ങൾക്ക് എല്ലാം എഴുതാനുള്ള സ്വാതന്ത്ര്യമുണ്ട്. അവർ എഴുതട്ടെ. എനിക്ക് പരാതിയൊന്നുമില്ല. സാധാരണഗതിയിൽ നമ്മുടെ നാട്ടിൽ പുതിയ ഓരോ സ്ഥാപനം ആരംഭിക്കുമ്പോഴും അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് , ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഈ ഡിപ്പാർട്ടുമെന്റുകളും കണ്ടുവേണം ഉത്തരവ് പുറപ്പെടുവിക്കാൻ. ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളിലും ഈ മാനദണ്ഡങ്ങളെല്ലാം പൂർണ്ണമായും പാലിച്ചിട്ടുണ്ട്. നിയമപരിമായി ചെയ്യേണ്ട കാര്യങ്ങൾ മാത്രമാണ് ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രി ഈ നടപടി നിറുത്തിവയ്ക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നു പറയുന്നത് ശരിയല്ല.

ശ്രീ. ഇ.ജെ. ലൂക്കോസ്: പാലായ്ക്കു സമീപമുള്ള മുത്തോലി ജെ.ടി.എസ്—ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അവിടെ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ആദ്യവർഷ പരീക്ഷയിൽ കൂടുതൽ വിദ്യാർത്ഥികളും പരാജയപ്പെട്ടു. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ചില കോഴ്സുകളിൽ സ്റ്റാഫിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അതായത് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് എന്നുപറയുന്നത് മറ്റു ഡിപ്പാർട്ടുമെന്റുകളുടെ കൂടി സഹകരണത്തോടുകൂടി നടത്തുന്ന ഒരു കോഴ്സാണ്. അഗ്രിക്കൾച്ചറൽ കോഴ്സാണെങ്കിൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻമാർതന്നെ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വാഭാവികമായും അവരിൽ നിന്നുണ്ടാകുന്ന കാലതാമസവും ഡെപ്യൂട്ടേഷനിൽ വരാൻ ഉണ്ടാകുന്ന കാലതാമസം—മാറ്റുമാണ് തടസ്സമായി വരുന്നത്. അത് പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിജയലാസ്: തൊഴിലധിഷ്ഠിത കോഴ്സ് ഒരു സ്കൂളിൽ ഗവൺമെന്റ് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്? ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തുടങ്ങുന്ന സ്കൂളുകളിൽ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും സ്കൂൾ ഉൾപ്പെടുമോ?

ശ്രീ. ടി.എം. ജേക്കബ്: മാനദണ്ഡം എന്നുപറയുന്നത്, ഈ സ്കൂളുകളിലാണെങ്കിൽ പ്രധാനമായും മൂന്നു കോഴ്സുകളാണ് ആരംഭിക്കുന്നത്. അഗ്രിക്കൾച്ചറൽ, അനിമൽ ഹസ്ബൻഡറി, പൗൾട്രി ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന കോഴ്സുകളാണ്. ഈ കോഴ്സുകൾ ആരംഭിക്കണമെങ്കിൽ അതിൽ കുട്ടികൾക്ക് പരിശീലനം കൊടുക്കാൻ, ക്ലാസ് സമയത്തെപ്പോലെതന്നെ പരിശീലനം കൊടുക്കാനുള്ള സമയമാണ് നീക്കിവച്ചിട്ടുള്ളത്. സ്വാഭാവികമായും കുട്ടികൾക്ക് ഇതിൽ പരിശീലനം കൊടുക്കാൻ ഞാൻ ഈ പറഞ്ഞ മൂന്നു വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും സൗകര്യങ്ങൾ ഉണ്ടാകണം. അഗ്രിക്കൾച്ചറിലാണെങ്കിൽ അഗ്രിക്കൾച്ചറൽ ഫാമോ റിസർച്ച് സൗകര്യമോ എന്തെങ്കിലും ഉണ്ടാകണം. പൗൾട്രി ആണെങ്കിലും അതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ അടുത്തുള്ള സ്കൂളുകളെയാണ് ഇതിനു വേണ്ടി തെരഞ്ഞെടുക്കുന്നത്. പുതിയതായി ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങളും ഉണ്ട്.

ശ്രീ. ബെന്നി ബഹനാൻ: സ്കൂളുകളിൽ കമ്പ്യൂട്ടർ കോഴ്സിന്റെ ബാലപാഠമെങ്കിലും ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത വിദ്യാഭ്യാസമായി രൂപപ്പെടുത്തിക്കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: കമ്പ്യൂട്ടർ കോഴ്സ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന ഒരു നിർദ്ദേശം ഉണ്ട്. കേരളത്തിൽ ഇതിനോടകംതന്നെ കമ്പ്യൂട്ടർ കോഴ്സ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും പട്ടണങ്ങളെ കേന്ദ്രമാക്കിയിട്ടാണ് ആരംഭിച്ചിട്ടുള്ളത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു പട്ടണങ്ങളുമായി ബന്ധപ്പെട്ട സമീപ പ്രദേശങ്ങളിലെ സ്കൂളുകളിലാണ് ഇത് ആരംഭിച്ചിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലേക്ക് ഇത് മാറാനുള്ള സാങ്കേതിക ബുദ്ധിമുട്ട് ഇതിൽ പരിശീലനം കൊടുക്കേണ്ട ആളുകൾ ടൗണിൽനിന്നു വന്നുപോകുന്നവരാണ് എന്നതാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റുകൂടി നിർദ്ദേശിച്ചത് പരിഗണിച്ചാണ് ടൗണിലും അതിന്റെ പ്രാന്തപ്രദേശങ്ങളുമായി ഈ കോഴ്സ് ആരംഭിച്ചിരിക്കുന്നത്.

Dr. A. Subba Rao: Sir, in view of the Kasargode District being very backward, where the Kannada linguistic minorities do not have any faeilities for technical education, will the Government consider starting vocational training courses in the schools or starting new technical schools in that area in Kannada Medium?

ശ്രീ. ടി.എം. ജേക്കബ്: കന്നഡ മീഡിയത്തിൽ ആരംഭിക്കാൻ കഴിയുമോയെന്നുള്ളത് പറയാൻ കഴിയുകയില്ല. കന്നഡ മീഡിയത്തിൽ ആരംഭിക്കാൻ സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്. കന്നഡ മീഡിയത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സുബ്ബറാവുവുമായി ഞാൻ നേരിട്ട് സംസാരിച്ചപ്പോൾ ബോദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തിയതാണ്. എന്നിരുന്നാലും അവിടെ സ്ഥാപനം ആരംഭിക്കാനുള്ള കാര്യം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. അതായത് കാസർകോട് ഡിസ്ട്രിക്ടിൽ ഒരു പുതിയ ഗവൺമെൻറ് പോളിടെക്നിക്ക് ആരംഭിക്കാനുള്ള സജീവമായ നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സും അവിടെ ആരംഭിക്കുന്നുണ്ട്.

ശ്രീ. പി.കെ.കെ. ബാവ: ഈ ഗവൺമെൻറ് ദുർബ്ബലജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നുവെന്നുള്ളത് പരിഗണിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ തീരദേശ പ്രദേശങ്ങൾക്ക് പ്രത്യേകം പരിഗണന കൊടുക്കാൻ ഗവൺമെൻറ് സന്നദ്ധമാകുമോ?

ശ്രീ. ടി.എം. ജേക്കബ്: വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സിൽ ഫിഷറീസ് ഒരു വിഷയമാണ്. ഫിഷറീസ് ഒരു വിഷയമായി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നമ്മുടെ തീരപ്രദേശങ്ങളിലെ പല സ്കൂളുകളിലും ഇതിനോടകംതന്നെ ഫിഷറീസിൽ ഈ കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വകാര്യ മേഖലയിൽ പുതിയതായി 15 പോളിടെക്നിക്കുകൾ അനുവദിക്കാനുള്ള ഗവൺമെൻറിന്റെ തീരുമാനത്തിനെതിരായി കേരളത്തിലെ വിദ്യാർത്ഥികൾ നടത്തുന്ന അതിശക്തിമത്തായ സമരം പരിഗണിച്ചുകൊണ്ട് ആ തീരുമാനം നിർത്തിവയ്ക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഉയർച്ചയെ കരുതി മാത്രമാണ് മന്ത്രിസഭ ഇങ്ങനെയൊരു തീരുമാനം എടുത്തിരിക്കുന്നത്. ആ തീരുമാനം മാറ്റിവയ്ക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്തുകൊണ്ടിരുന്നവരെ പാർട്ടൈം ആയിട്ടാണ് ഇപ്പോൾ നിയമിക്കുന്നത്. ഈ സ്ഥാപനങ്ങളിൽ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കാൻ നടപടി എടുക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് നിലവിലുള്ളിടത്ത് സ്ഥിരമായി അദ്ധ്യാപകരുണ്ട്. ചില വിഷയങ്ങളിൽ, അതായത് ചില പ്രൊഫഷണൽ വിഷയങ്ങളിലും ഇംഗ്ലീഷ് തുടങ്ങിയുള്ള വിഷയങ്ങളിലും പാർട്ടൈം ആയിട്ട് ഇപ്പോൾ അദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. ഫുൾടൈം ആയിട്ട അവരെ നിയമിക്കാൻ ആവശ്യമുള്ളത്ര പീരീഡ്സ് ഇല്ല. ഫുൾടൈം ആയിട്ട് നിയമിക്കുമ്പോൾ അതുവഴി ഗവൺമെൻറിന് കൂടുതൽ സാമ്പത്തികനഷ്ടം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് പാർട്ടൈം അദ്ധ്യാപകരായി നിയമിച്ചിരിക്കുന്നത്. തൽക്കാലം അത് മാറ്റാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. സി.എഫ്. തോമസ്: പുതിയതായി ആരംഭിച്ചിരിക്കുന്ന പത്ത് ജൂനിയർ ടെക്നിക്കൽ സ്കൂളുകളിൽ ഇപ്പോൾ 20—30 സീറ്റുകളേ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടുള്ളൂ. ഗവൺമെന്റ് സ്വന്തമായി കെട്ടിടങ്ങളും പണിയുന്നതുവരെ നാട്ടുകാർ പെർമെനന്റ് ഷെഡ്ഡുകളും പണിയാൻ തയ്യാറായാൽ അവിടെ ഈ വർഷംതന്നെ സീറ്റുകളും കൂട്ടാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.എം. ജേക്കബ്: ജൂനിയർ ടെക്നിക്കൽ സ്കൂളിന്റെ പേര് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ടെക്നിക്കൽ സ്കൂൾ' എന്നാക്കി മാറ്റിയിട്ടുണ്ട്. പുതുതായി ആരംഭിച്ച 10 ടെക്നിക്കൽ സ്കൂളുകളിൽ പ്രധാനമായും രണ്ട് ട്രേഡുകളാണ് തുടങ്ങിയിരിക്കുന്നത്. ഒരു ട്രേഡിൽ 10 കുട്ടികൾക്ക് വീതമാണ് പ്രവേശനം കൊടുത്തിട്ടുള്ളത്. മൂന്നുവർഷത്തിനുള്ളിൽ അവിടെ 8 (എട്ട്) ട്രേഡുകളും ആരംഭിച്ച് 80 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയും.

ശ്രീ. വി.ജെ. തങ്കപ്പൻ: സഹകാര്യമേഖലയിൽ പുതിയതായി അനുവദിച്ചിട്ടുള്ള 15 പോളിടെക്നിക്കുകളും തുടങ്ങുന്നതിനുള്ള ചെലവിന്റെ എത്ര ശതമാനമാണ് ഗവൺമെന്റ് വഹിക്കുന്നത്, ഇങ്ങനെ 15 പോളിടെക്നിക്കുകളും തുടങ്ങുമ്പോൾ എത്ര രൂപ ബജനാവിൽനിന്ന് കൊടുക്കേണ്ടിവരും?

ശ്രീ. ടി.എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് ആകെ 25 പോളിടെക്നിക്കുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഏഴ് പോളിടെക്നിക്കുകളും സഹകാര്യമേഖലയിലാണ്. ഈ ഏഴ് പോളിടെക്നിക്കുകൾക്ക് അന്ന് ഉണ്ടായിരുന്ന വ്യവസ്ഥ മൂലധനച്ചെലവിന്റെ 75 ശതമാനം ഗവൺമെന്റും വഹിക്കുകയും 25 ശതമാനം മാനേജുമെന്റ് വഹിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു. അതിപ്പോൾ ഗവൺമെന്റ് മാറ്റിയിട്ടുണ്ട്. മൂലധനച്ചെലവിന്റെ 25 ശതമാനം ഗവൺമെന്റും 75 ശതമാനം മാനേജുമെന്റും എന്നാക്കി മാറ്റിയിട്ടുണ്ട്. അതു പോലെതന്നെ ആവർത്തനച്ചെലവും. മുമ്പ് ആവർത്തനച്ചെലവ് മുഴുവൻ ഗവൺമെന്റ് തന്നെയാണ് വഹിക്കുന്നത്. എന്നാൽപുതിയതായി ആരംഭിക്കാൻ പോകുന്ന 15 പോളിടെക്നിക്കുകളുടെ ആവർത്തനച്ചെലവിന്റെ 25 ശതമാനം മാനേജ്മെന്റ് വഹിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു പോളിടെക്നിക്ക് ആരംഭിക്കാൻ നാലു വർഷക്കാലംകൊണ്ട് രണ്ടരക്കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതനുസരിച്ച് ഇതിന്റെ ശതമാനം കണക്കാക്കാവുന്നതേയുള്ളൂ.

ജസ്റ്റിസ് കുമാരി ജാനകിയമ്മ കമ്മീഷൻ റിപ്പോർട്ട്

* 164 [210] ശ്രീ. ടി.കെ. ഹംസ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:

" എം.വി. രാഘവൻ:

" വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 1

18–9–1985–ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (209) കാണുക

ഹൈസ്കൂളുകൾ 1983–84.

1. ടാഗോർ വിദ്യാനികേതൻ, തളിപ്പറമ്പ്
2. അമ്പലവയൽ, വയനാട്
3. അയ്യന്തോൾ ഹൈസ്കൂൾ, തൃശൂർ
4. ജി.എച്ച്.എസ്. ഇരിങ്ങോൾ, എറണാകുളം
5. ശിവൻകുന്ന് ഹൈസ്കൂൾ, മൂവാറ്റുപുഴ
6. നേര്യമംഗലം ഹൈസ്കൂൾ
7. കാണ്കാരി ഹൈസ്കൂൾ, കോട്ടയം
8. ജി.എച്ച്.എസ്. തൊടുപുഴ, ഇടുക്കി
9. ഗേൾസ് ഹൈസ്കൂൾ, ചെങ്ങന്നൂർ
10. ബോയ്സ് ഹൈസ്കൂൾ, കൊട്ടാരക്കര
11. കുളത്തൂർ ഹൈസ്കൂൾ, നെയ്യാറ്റിൻകര

ജൂനിയർ ടെക്നിക്കൽ സ്കൂൾ

1. ചെറുവത്തൂർ, കണ്ണൂർ
2. മഞ്ചേരി, മലപ്പുറം
3. ഷൊർണ്ണൂർ, പാലക്കാട്
4. കൊടുങ്ങല്ലൂർ, തൃശൂർ
5. പാമ്പാടി, കോട്ടയം
6. അടൂർ പത്തനംതിട്ട
7. ആറ്റിങ്ങൽ, തിരുവനന്തപുരം
8. വടകര ജെ.ടി.എസ്.

ഹൈസ്കൂൾ (1984–85)

1. വിതുര ഹൈസ്കൂൾ, തിരുവനന്തപുരം
2. ഗവൺമെൻറ് ഹൈസ്കൂൾ, അഞ്ചൽ
3. മാവേലിക്കര ബോയ്സ് ഹൈസ്കൂൾ
4. തലയോലപ്പറമ്പ് ബോയ്സ് ഹൈസ്കൂൾ
5. കുമിളി ജി.എച്ച്.എസ്., ഇടുക്കി
6. രാമവർമ്മപുരം ജി.എച്ച്.എസ്., തൃശൂർ
7. നടുവട്ടം ജി.എച്ച്.എസ്., തൃശൂർ
8. ബോയ്സ് ഹൈസ്കൂൾ, ചിറ്റൂർ
9. താമരശ്ശേരി ജി.എച്ച്.എസ്., കോഴിക്കോട്
10. ജി.എച്ച്.എസ്. കാരട്ടക്ക, കാസർകോഡ്
11. തൃക്കരിപ്പൂർ ഹൈസ്കൂൾ, കണ്ണൂർ
12. പുതുക്കുർ ഹൈസ്കൂൾ, തൃശൂർ
13. മുക്കുതല ഹൈസ്കൂൾ, മലപ്പുറം
14. കൂറുമാത്തൂർ, കണ്ണൂർ
15. തിരുമാറാടി, എറണാകുളം
16. കടവൂർ ഹൈസ്കൂൾ, എറണാകുളം
17. പാലാരിമംഗലം, എറണാകുളം
18. വിഴിയാത്തോട്, കാഞ്ഞിരപ്പള്ളി
19. സുൽത്താൻ ബത്തേരി, വയനാട്
20. മാതിരപ്പള്ളി, എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

21. തിടനാട്, കോട്ടയം
22. പൂവാർ ഗവൺമെൻറ് ഹൈസ്കൂൾ, തിരുവനന്തപുരം
23. പാറശ്ശാല എച്ച്.എസ്., തിരുവനന്തപുരം
24. ആറ്റിങ്ങൽ, തിരുവനന്തപുരം
25. വക്കം ഹൈസ്കൂൾ, തിരുവനന്തപുരം
26. ഗേംസ് ഹൈസ്കൂൾ, കൊട്ടാരക്കര
27. തട്ടക്കുഴ, ഇടുക്കി
28. പുന്നല, കൊല്ലം
29. ബോയ്സ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട
30. ഫിഷറീസ് ഹൈസ്കൂൾ, വലിയതുറ
31. 〃 〃 കരുനാഗപ്പള്ളി
32. 〃 〃 ആട്ടുങ്ങൽ
33. 〃 〃 തേവര
34. 〃 〃 ബേയ്പൂർ
35. 〃 〃 അഴീക്കൽ, കണ്ണൂർ
36. ഗവൺമെൻറ് ഹൈസ്കൂൾ, ഞാറയ്ക്കൽ
37. ഗവൺമെൻറ് ഹൈസ്കൂൾ, കടമക്കുടി
38. ഗവൺമെൻറ് ഹൈസ്കൂൾ, കൈതാരം, പറവൂർ
39. മെഡിക്കൽ കോളേജ് സ്കൂൾ, കോട്ടയം
40. കേളപ്പൻ മെമ്മോറിയൽ ഹൈസ്കൂൾ, തവനൂർ, മലപ്പുറം
41. ഗവൺമെൻറ് ഹൈസ്കൂൾ, ചിറയഴീക്കൽ, കരുനാഗപ്പള്ളി

ജൂനിയർ ടെക്നിക്കൽ സ്കൂൾ (1984–85)

1. ജെ.റ്റി.എസ്. നെടുമങ്ങാട്
2. 〃 കൃഷ്ണപുരം, ആലപ്പുഴ
3. 〃 എഴുകോൺ, കൊല്ലം
4. 〃 ചേർത്തല, ആലപ്പുഴ
5. 〃 പാലാ, കോട്ടയം
6. 〃 കൊരട്ടി, എറണാകുളം
7. 〃 പെരുമ്പാവൂർ, എറണാകുളം
8. 〃 കുന്ദംകുളം, തൃശൂർ
9. 〃 ചിറ്റൂർ പാലക്കാട്
10. 〃 കണ്ണൂർ, കണ്ണൂർ
11. 〃 മട്ടന്നൂർ, കണ്ണൂർ

ലിസ്റ്റ് 2

1. കൃഷി
2. മൃഗസംരക്ഷണം (പോൾട്രി)
3. ഡയറിംഗ്
4. മത്സ്യബന്ധനം (അകുകൾച്ചർ)
5. 〃 (ഫിഷ് പ്രോസസിംഗ്) പ്രിസേർവിംഗ്
6. 〃 (മറൈൻ എഞ്ചിൻകാം)
7. 〃 (ഫിഷ്ഗിയർ ആൻറ് കാഫ്റ്റ്)
8. എഞ്ചിനീയറിംഗ് ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ്
9. ഹോം അപ്ലൈയൻസ്
10. ആട്ടോമോബൈൽ മെയിൻറനൻസ്
11. ഫാം ആൻറ് ഹാർവസ്റ്റ് ടെക്നോളജി

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly

12. മെയിൻറനൻസ് ഓഫ് ടൂ വീലർ ആൻറ് ത്രീ വീലർ
13. ഫൗണ്ടറി ടെക്നോളജി
14. സെറാമിക് ടെക്നോളജി
15. കമ്പോസിംഗ് & പ്രിൻറിംഗ് ആൻറ് ബയൻറിംഗ്
16. ബിൽഡിംഗ് ടെക്നോളജി
17. ഡ്രാഫ്റ്റ്മാൻ ഷിപ്പ് ആൻറ് കാൻറിറ്റി സർവേയിംഗ്
18. ഫ്രാസ്റ്റിക് മെറ്റീരിയൽസ് പ്രൊഡക്ട്സ്
19. റഫ്രി.വി. മെക്കാനിസം
20. ഹോറോളജി (The science of time measurement; the art of clock making)
21. തടി വ്യവസായം
22. ടെക്സ്റ്റയിൽ ഡൈയിംഗ് ആൻറ് പ്രിൻറിംഗ്
23. ട്രാക്ടർ മെക്കാനിസം
24. ഇ.സി.ഡി. ആഡിയോമെട്രിക് ടെക്നീഷ്യൻ കോഴ്സ്

അനുബന്ധം II

3-9-1985-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (212) കാണുക

DETAILS OF WORKS IN PROGRESS

		Amount of contract (Rs. in lakhs)
Trivandrum Region I		
1.	Jersy Farm; Vithura	16.00
2.	Jersy Farm; Chettachal	11.85
3.	Building for Rubber Works; Trivandrum	14.60
4.	Multistoreyed Building for Teachers Sanatoria Society	42.50
5.	Secretariat Canteen; Trivandrum	6.18
6.	K.M.E.D.P. Construction of Laboratory Building	22.87
7.	Government College; Attingal	29.77
8.	Constructing a Cut at Onampalam for diverting flood waters	62.33
Trivandrum Region II		
1.	V.B.I. Palode	80.85
2.	Chief disease Investigation; Laboratory Palode	29.52
3.	Chengalchoola; III stage	26.71
4.	Guest House, Kovalam	55.00
5.	L.I.C. Building; Quilon	35.00
6.	Construction of Compound wall; Sewage Farm; Valiathura	11.25

LIBRARY ARCHIVES Kerala Legislative Assembly